ഇറിഗേഷനെ സംബന്ധിച്ച പണികൾ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തതുകൊണ്ടാണ് 1954 അക്ടോബർ മാസത്തിലായിരുന്നതുകൊണ്ടും ടി സാമ്പത്തിക വർഷത്തിൽ മൈനർ ഇറിഗേഷൻ പണികൾ എല്ലാ പഞ്ചായത്തുകളിലും ഏറ്റെടുത്ത് നടത്തുന്നതിനു് അവസരം ലഭിക്കുകയുണ്ടായില്ല. എന്നതന്നെയല്ല, അത്തരം പണികൾ, ഉള്ള സമയം കൊണ്ടു് ധൃതഗതിയിൽ നടത്തുന്നതിനു വേണ്ടതായ സ്റ്റാഫിന്റെ അഭാവവും ഒരു തടസ്സമായിരുന്നു.

(2) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ ഇരുപത്തിമൂന്നു പഞ്ചായത്തുകളിൽ മൈനർ ഇറിഗേഷൻ പണികൾ നടത്തിയിട്ടുണ്ടു്.

(സി) മൈനർ ഇറിഗേഷൻപണികൾ പി. ഡബ്ലിയു. ഡി.യിൽ നിന്നും ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേഷനിലേയ്ക്കും തദനന്തരം പഞ്ചായത്തുഡിപ്പാർട്ടുമെന്റിലേയ്ക്കും മാറി. പ്രസ്തുത പണികൾ പഞ്ചായത്തു ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തതു് 1954 അക്ടോബറിലാണു്. ആണ്ടവസാനത്തിലുള്ള സമയംകൊണ്ടു് പണികൾ ധൃതഗതിയിൽ ചെയ്യുവാൻ വേണ്ട ടെക്നിക്കൽ സ്റ്റാഫും ഇല്ലായിരുന്നു. അതുകൊണ്ടു് പഞ്ചായത്തു് ആവശ്യപ്പെട്ട പണികൾ യഥാസമയം ചെയ്യുവാൻ സാധിച്ചില്ല.

(ഡി) ഇങ്ങനെ അനുവദിക്കാത്ത പണികൾക്കു് ഇക്കൊല്ലം മുൻഗണന നൽകുന്നതാണു്. പഞ്ചായത്തു റസല്യൂഷൻ വഴിക്കും, പൊതുജനങ്ങളുടെ അപേക്ഷകളെ പരിഗണിച്ചും, ക്രമപ്രകാരം മൈനർ ഇറിഗേഷൻ രേഖകളിൽ, പരിധിയിൽ പെടുന്നതുമായ പണികൾക്കു് മുൻഗണനകൊടുത്തു് അനുവദിക്കുന്നതായിരിക്കും.

പഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയായി ഉയർത്തണമെന്നുള്ള നിവേദനം.

*106. [54] ശ്രീ. സി. സി. അയ്യപ്പൻ : തഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നിലവിലുള്ള ഏതെങ്കിലും പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്താൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളെയാണു്;

(ബി) വടക്കാഞ്ചേരി പഞ്ചായത്തിനെ ഒരു മുനിസിപ്പാലിറ്റിയായി ഉയർത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; ഈ പഞ്ചായത്തിന്റെ ആകെ വരുമാനം, വിസ്തീർണ്ണം, ജനസംഖ്യ എന്നിവ വെവ്വേറെ കാണിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) മുവാറ്റുപുഴ, പുനലൂർ, ചെങ്ങന്നൂർ, പറവൂർ, കൊടുങ്ങല്ലൂർ.

(ബി) ഉണ്ടു്.

വരുമാനം — രൂപ 28,725.
വിസ്തീർണ്ണം — 16·304 ചതുരശ്രമൈൽ.
ജനസംഖ്യ — 18,117.

LIBRARY ARCHIVES Kerala Legislative Assembly